"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും- ജീവനക്കാര്യം - ശ്രീ. ശ്രീജിത്ത്. ജി, ഉപജില്ലാ വ്യവസായ ഓഫീസർ, ജില്ലാ വ്യവസായ കേന്ദ്രം, കൊല്ലം - പ്രത്യേകാവശതാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.430/2026/ID തീയതി,തിരുവനന്തപുരം, 16-04-2026

---

പരാമർശം:- 1. വ്യവസായ വാണിജ്യ ഡയറക്ടറുടെ 29/01/2026-ലെ ഡിഐസി/374/2026-ഇഡി3 നമ്പർ കത്ത്

**ഉത്തരവ്**

വ്യവസായ വാണിജ്യ വകുപ്പിൽ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഉപജില്ലാ വ്യവസായ ഓഫീസർ ശ്രീ. ശ്രീജിത്ത്. ജി, 14.10.2025 തീയതിയിൽ കൊല്ലം ശ്രീനാരായണ സാംസ്കാരിക സമുച്ചയത്തിൽ വെച്ച് സംഘടിപ്പിച്ച കാഷ്യു കോൺക്ലേവ് പ്രോഗ്രാമിന്റെ നടത്തിപ്പ് ജോലികളിൽ പങ്കാളിയായി അന്നേ ദിവസം വൈകുന്നേരം 6.00 മണി വരെ ഔദ്യോഗിക കൃത്യനിർവഹണത്തിൽ ആയിരുന്ന ശേഷം മടങ്ങവേ കൊല്ലം കേരളപുരം ജംഗ്ഷന് സമീപം വെച്ച് ശ്രീ.ശ്രീജിത്ത്.ജി, ഉപ ജില്ലാ വ്യവസായ ഓഫീസറുടെ ഇരുചക്ര വാഹനത്തിൻ്റെ മുന്നിലേക്ക് നായ കുറുകെ ചാടി അപകടമുണ്ടാവുകയും ടിയാൻ്റെ കാൽമുട്ടിന് സാരമായി പരിക്ക് ഏൽക്കുകയും തുടർന്ന് ചികിത്സയ്ക്ക് വിധേയനാകുകയും ടിയാന് 14/10/2025 മുതൽ 13/01/2026 വരെ 3 മാസകാലയളവിലേയ്ക്ക് ചികിത്സയും പൂർണ്ണ വിശ്രമവും ആവശ്യമാണെന്ന് ടിയാളെ പരിചരിച്ച ഡോക്ടർ നിർദ്ദേശിക്കുകയും ചെയ്തു. ആകയാൽ ശ്രീ. ശ്രീജിത്ത് ജി-യ്ക്ക് 14/10/2025 മുതൽ 13/01/2026 വരെയുള്ള കാലയളവിലേക്ക് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം വ്യവസായ വാണിജ്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറുടെ റിപ്പോർട്ടിൻ്റെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഉപജില്ലാ വ്യവസായ ഓഫീസർ ശ്രീ. ശ്രീജിത്ത്. ജി ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ശേഷം 14/10/2025-ന് വീട്ടിലേയ്ക്കുള്ള യാത്രാമധ്യേ അപകടം സംഭവിച്ച് പരിക്ക് പറ്റിയിട്ടുണ്ടെന്ന നിയന്ത്രണാധികാരിയുടെ സാക്ഷ്യപത്രത്തിന്റെയും ടിയാന് 14/10/2025 മുതൽ 13/01/2026 വരെ ചികിത്സയും പൂർണ്ണ വിശ്രമവും ആവശ്യമാണെന്ന് ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ ശ്രീ. ശ്രീജിത്ത്. ജി, ഉപജില്ലാ വ്യവസായ ഓഫീസർക്ക് 14/10/2025 മുതൽ 13/01/2026 വരെ കെ.എസ്.ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേകാവശതാവധി അനുവദിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABU ANTONY K
ഡെപ്യൂട്ടി സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. ശ്രീജിത്ത്. ജി, (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ശേഖരം / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sachin V R

സെക്ഷൻ ഓഫീസർ

Date: 16-04-2026 15:40:07